# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2134

07.07.2015 ന്
മറുപടിക്ക്

## ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീം തീറാധാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ 25 വർഷം മുമ്പ് വീടും സ്ഥലവും വാങ്ങിയവർക്കുള്ള തീറാധാരം ഇനിയും നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഭൂമി സംബന്ധിച്ച കേസ്സുകളെല്ലാം തീർപ്പാക്കിയ സാഹചര്യത്തിൽ ഇവർക്കുള്ള തീറാധാരം എന്നേക്ക് നൽകാനാവുമെന്ന് അറിയിക്കാമോ ? | (ബി) ചാലക്കുടി ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ ഭൂമി പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട് 17 എൽഎആർ കേസുകളുണ്ട്. ടി കേസ്സുകളിലെല്ലാം തന്നെ മുഴുവൻ വിധിക്കട തുകയും കോടതിയിൽ കെട്ടിവച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ഡിക്രി സാറ്റിസ്ഫാക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ടി സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ കേസ്സുകളെല്ലാം തീർപ്പായി എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. ചാലക്കുടി പദ്ധതിക്കുള്ളിൽ വരുന്ന 18 സെന്റ് പുറംപോക്ക് ഭൂമി പതിച്ച് ലഭിക്കുന്നതിനായി 29.3.2006-ൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ തീരുമാനമായിട്ടില്ല. ആയതിൽ നടപടി നടന്നുവരുന്നു. ടി ഭൂമി കൂടി പതിച്ച് ലഭിച്ചാൽ മാത്രമേ ഭൂമി പതിവിനു ചെലവായ തുക കൂടി |

ഉൾപ്പെടുത്തി അന്തിമ വില നിശ്ചയിച്ച് വിലയാധാരം നൽകുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി എൽഎആർ, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമവില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30% സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20.10.1998-ൽ (ഇനം.2) ബോർഡ് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 പ്ലോട്ടുകളുടെയും 47 വീടുകളുടെയും (പ്ലോട്ട് വിത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**